LIBRARY ARCHIVES Kerala Legislative Assembly

മണ്ണന്തല-കേശവദാസപുരം റോഡ് നാലുവരിപ്പാതയാക്കുന്ന പ്രവർത്തനങ്ങൾ

77 [693] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല-കേശവദാസപുരം റോഡ് നാലുവരിപ്പാതയാക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ ഏതവസ്ഥയിലാണെന്ന് വ്യക്തമാക്കാമോ;

(ബി) 2001 മേയ് മാസത്തിനുശേഷം പ്രസ്തുത റോഡ് നിർമ്മാണ പ്രവർത്തനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) നാലാഞ്ചിറ-കേശവദാസപുരം ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) റോഡിനിരുവശത്തെയും ഇലക്ട്രിക് പോസ്റ്റുകൾ, BSNL കേബിളുകൾ, കെ.ഡബ്ല്യു.എ. ലൈനുകൾ എന്നിവ മാറ്റി സ്ഥാപിക്കാൻ ആവശ്യമുള്ള തുക യഥാസ്ഥാനങ്ങളിലേയ്ക്ക് കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുമോ;

(എഫ്) നിരവധി ചെറു ചാലുകളിലായി ഒഴുകിയിരുന്ന മഴവെള്ളം കോട്ടമുകൾ ഭാഗത്തു നിന്ന് ചെഞ്ചേരി ഏലായിലേയ്ക്ക് മാത്രം ഒഴുകിപ്പോകുന്നതിനാൽ വസ്തു വകകൾക്ക് നാശനഷ്ടമുണ്ടാകുന്നതായ പരാതി പരിഹരിക്കാൻ നിർദ്ദേശം നൽകുമോ;

(ജി) മണ്ണന്തല-നാലാഞ്ചിറ പ്രദേശത്തെ റോഡ് നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഒന്നും രണ്ടും ഘട്ടങ്ങളുടെ പ്രവർത്തനം നടന്നുവരുന്നുണ്ടെങ്കിലും ഫണ്ടിന്റെ ദൗർലഭ്യം മൂലം പണി ചെയ്ത കോൺട്രാക്ടർക്ക് കുടിശ്ശിക തുക നൽകാനുള്ളതു കാരണം ഈ ഘട്ടങ്ങളുടെ നിർമ്മാണ ജോലി തടസ്സപ്പെട്ടിരിക്കുകയാണ്. മൂന്ന്, നാല്, അഞ്ച് ഘട്ടങ്ങളുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു

(ബി) 1, 2 ഘട്ടങ്ങളുടെ പണികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണി ആരംഭിച്ചു. മൂന്നാംഘട്ടത്തിന്റെയും നാലാംഘട്ടത്തിന്റെയും അഞ്ചാംഘട്ടത്തിന്റെയും സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചു.

(സി) റോഡുവികസനത്തിനാവശ്യമായ സ്ഥലം അളന്നു കല്ലിട്ടിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി ആന്റ് ഇ) കെ.എസ്.ഇ.ബി.-യ്ക്ക് കൊടുക്കുവാനുള്ള തുക കൈമാറിയിട്ടുണ്ട്. മറ്റുള്ള സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള തുക എത്രയും വേഗം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിലെ എടക്കാട്-മുഴപ്പിലങ്ങാട് ദേശീയ പാതയുടെ തകർച്ച

78 [694] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എടക്കാട്-മുഴപ്പിലങ്ങാട് ദേശീയ പാത പണി നടത്തി ഒരു മഴക്കാലം കഴിയും മുമ്പേ തകർന്നുപോയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു;

(സി) കോൺട്രാക്ടർക്ക് എത്ര തുക അനുവദിച്ചു; ഇനി എത്ര തുക അനുവദിക്കാനുണ്ട്;

(ഡി) എസ്റ്റിമേറ്റിന് വിരുദ്ധമായിട്ടാണ് നിർമ്മാണ പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇതു സംബന്ധമായി വകുപ്പുതലത്തിലോ മറ്റ് ഏജൻസികൾ മുഖേനയോ ഏതെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ദേശീയ പാതയിലെ ഇപ്പോഴത്തെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 230 ലക്ഷം രൂപ.

(സി) 1,44,47,088 രൂപാ അനുവദിച്ചു. ഇനി തുക അനുവദിയ്ക്കാനില്ല.

(ഡി ആന്റ് ഇ) എസ്റ്റിമേറ്റിന് വിരുദ്ധമായി പ്രവൃത്തി നടന്നിട്ടില്ല. ഈ പണികളെപ്പറ്റിയുള്ള ആരോപണത്തെക്കുറിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്.